പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം

118 (807) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് എന്തെല്ലാം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇപ്പോൾ പരിശോധന നടത്തുന്നത് ; ആയതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇപ്രകാരം പരിശോധന നടത്തി ലഭിച്ച വിവരങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം മാരക കീടനാശിനി തളിച്ച് കൊണ്ടുവരുന്ന പച്ചക്കറികൾ പിടിച്ചെടുത്താൽ നിലവിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽനിന്നും സംസ്ഥാനത്തെ വിപണികളിൽനിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യു ടെസ്റ്റിംഗ് ലാബിലേയ്ക്കും അയച്ച് കീടനാശിനിയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കാറുണ്ട്.

(ബി) ചെക്ക്പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കാറുണ്ട്. ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിക്കാറുണ്ട്. അത്തരത്തിൽ 82 പച്ചക്കറി സാമ്പിളും 108 പഴവർഗ്ഗങ്ങളും പരിശോധിച്ചതിൽ ഒരു സാമ്പിളിലും അനുവദനീയമായ അളവിൽക്കൂടുതൽ കീടനാശിനി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന അളവിൽ കൂടുതൽ കീടനാശിനി പരിശോധന വേളയിൽ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. പച്ചക്കറികളിൽ മാരക കീടനാശിനി തളിച്ചത് സംബന്ധിച്ച് കേസ്സുകളൊന്നും തന്നെ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആരോഗ്യപദ്ധതികൾ

119 (808) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യവകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; ഓരോ പദ്ധതിയുടെയും വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പുമുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. <u>സി.എച്ച്.സി. തിരുവങ്ങൂർ</u>

<u>2011-12</u> : രണ്ട് പദ്ധതികൾ : 1 മരുന്ന് വാങ്ങൽ, 2- ഉപകരണങ്ങൾ വാങ്ങൽ.

<u>2012-13</u> : രണ്ട് പദ്ധതികൾ : 1. പെയിൻ ആന്റ് പാലിയേറ്റീവ്, 2 ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ.

<u>2013-14</u> : നാല് പദ്ധതികൾ : 1. പെയിൻ ആന്റ് പാലിയേറ്റീവ്, 2- കമ്പ്യൂട്ടർ വാങ്ങൽ, 3- ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ, 4- എം.എം.ആർ. വാക്സിൻ വാങ്ങൽ.

LIBRARY ARCHIVES Kerala Legislative Assembly